**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2077** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഫ്ലാറ്റുകളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളത്തെ നിരവധി ഫ്ലാറ്റുകളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാത്തതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കണമെന്ന് കാണിച്ചുകൊണ്ട് പൊല്യൂഷൻ കൺട്രോൾ ബോർഡ് വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെറും ഏഴ് ദിവസത്തെ സാവകാശം മാത്രം നൽകിയാണ് ഇപ്രകാരം ഇപ്പോൾ നിർദ്ദേശം നൽകിയതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2022 ലെ WP (C) No. 40564-ലെ ബഹു. ഹൈക്കോടതി ഉത്തരവുകളെ തുടർന്ന് ബോർഡ് ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം - 1974 സെക്ഷൻ 33 A പ്രകാരം 71 അപ്പാർട്ട്മെന്റ് കോംപ്ലെക്സുകൾക്ക് അടച്ചുപൂട്ടുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. ടി സ്ഥാപനങ്ങൾക്ക് 2023-24 കാലയളവിൽ തന്നെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് Closure Intention Notice നൽകിയിരുന്നതാണ്. മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ/നിയമങ്ങൾ പാലിക്കുന്നതിനാവശ്യമായ മതിയായ സമയം നൽകിയതിനുശേഷവും അവ പാലിക്കാത്ത സ്ഥാപനങ്ങൾക്കാണ് ബോർഡ് Closure Order നൽകിയത്. തുടർന്ന്, ടി അപ്പാർട്ട്മെന്റുകളിലേക്കുള്ള വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനായി 2025 ജൂലൈ 23-ന് കെ.എസ്.ഇ.ബി.-ക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകി.<br><br>ചട്ടങ്ങൾ/നിയമങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് സത്യവാങ്മൂലം സമർപ്പിക്കുന്ന പക്ഷം അപ്പാർട്ട്മെന്റുകൾക്ക് അനുവദനീയമായ മതിയായ സമയം നൽകേണ്ടതാണെന്ന 2025 ഓഗസ്റ്റ് 1 ലെ ബഹു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നേടുന്നതിനും STP സ്ഥാപിക്കുന്നതിനുമായി സത്യവാങ്മൂലം സമർപ്പിക്കുന്ന അപ്പാർട്ട്മെന്റുകളിലേക്കുള്ള വൈദ്യുതി വിച്ഛേദന നിർദ്ദേശം ബോർഡ് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.<br><br>നിലവിൽ 57 അപ്പാർട്ട്മെന്റുകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 14 സ്ഥാപനങ്ങളുടെ സത്യവാങ്മൂലം ലഭ്യമാക്കുന്നതിലേക്കായി |

| | | | |
|---|---|---|---|
| | | | മലിനീകരണ നിയന്ത്രണ ബോർഡ് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | കനാൽ റീജനറേഷൻ പദ്ധതിയുടെ ഭാഗമായി നഗരത്തിൽ കേന്ദ്രീകൃത എസ്. ടി. പി. സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ എന്നതറിയിക്കുമോ; ഈ പദ്ധതിയിൽ ഈ ഫ്ലാറ്റുകളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; അല്ലെങ്കിൽ സീവേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി മതിയായ സാവകാശം അനുവദിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദേശം നടപ്പിലാക്കുന്നതിന് സാവകാശം നൽകുന്നതിന് നടപടിയെടുക്കുമോ; വ്യക്തമാക്കാമോ? | (ബി) | 2022 ലെ WP (C) No. 40564-ലെ ബഹു. ഹൈക്കോടതി ഉത്തരവുകളെ തുടർന്ന് ബോർഡ് ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം - 1974 സെക്ഷൻ 33 A പ്രകാരം 71 അപ്പാർട്ട്മെന്റ് കോംപ്ലെക്സുകൾക്ക് അടച്ചുപൂട്ടുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. ടി സ്ഥാപനങ്ങൾക്ക് 2023-24 കാലയളവിൽ തന്നെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് Closure Intention Notice നൽകിയിരുന്നതാണ്. മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ/നിയമങ്ങൾ പാലിക്കുന്നതിനാവശ്യമായ മതിയായ സമയം നൽകിയതിനുശേഷവും അവ പാലിക്കാത്ത സ്ഥാപനങ്ങൾക്കാണ് ബോർഡ് Closure Order നൽകിയത്. തുടർന്ന്, ടി അപ്പാർട്ട്മെന്റുകളിലേക്കുള്ള വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനായി 2025 ജൂലൈ 23-ന് കെ.എസ്.ഇ.ബി.-ക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകി.<br><br>ചട്ടങ്ങൾ/നിയമങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് സത്യവാങ്മൂലം സമർപ്പിക്കുന്ന പക്ഷം അപ്പാർട്ട്മെന്റുകൾക്ക് അനുവദനീയമായ മതിയായ സമയം നൽകേണ്ടതാണെന്ന 2025 ഓഗസ്റ്റ് 1 ലെ ബഹു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നേടുന്നതിനും STP സ്ഥാപിക്കുന്നതിനുമായി സത്യവാങ്മൂലം സമർപ്പിക്കുന്ന അപ്പാർട്ട്മെന്റുകളിലേക്കുള്ള വൈദ്യുതി വിച്ഛേദന നിർദ്ദേശം ബോർഡ് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.<br><br>നിലവിൽ 57 അപ്പാർട്ട്മെന്റുകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 14 സ്ഥാപനങ്ങളുടെ സത്യവാങ്മൂലം ലഭ്യമാക്കുന്നതിലേക്കായി മലിനീകരണ നിയന്ത്രണ ബോർഡ് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ